# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 7, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 344)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 728 മുതൽ 846 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 847 മുതൽ 944 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 945 മുതൽ 976 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 977 മുതൽ 1006 വരെ |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 1007 മുതൽ 1071 വരെ |

## സമഗ്ര ആരോഗ്യനയം

728 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും 'ഹെൽത്ത് കാർഡ്' ലഭ്യമാക്കുന്നതിനുള്ള കാര്യങ്ങൾ സമഗ്ര ആരോഗ്യ നയത്തിൽ ഉൾപ്പെടുത്തുമോ ;

(സി) പ്രസ്തുത നയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാരം</u>

729 ശ്രീ. വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രിവഴി നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് വർദ്ധിച്ചുവരുന്ന ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രിയിലെ മരുന്നുകൾക്ക് ദ്വിതല പരിശോധന നടത്തണമെന്ന ചട്ടം കൃത്യമായി പാലിക്കുന്നു എന്ന് വിലയിരുത്താൻ ആരോഗ്യവകുപ്പിനുകീഴിൽ നിലവിൽ സംവിധാനമുണ്ടോ;

(സി) മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച ആശങ്കകൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാരം</u>

730 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന്, നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ വിറ്റഴിക്കുന്ന ആകെ മരുന്നിന്റെ എത്ര ശതമാനം സാമ്പിൾ എടുത്ത് പരിശോധിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പര്യാപ്തമാണോ;

(ഡി) പരിശോധിക്കുന്നതിനുള്ള സാമ്പിൾ മരുന്നുകൾ, പണം നൽകി വാങ്ങുന്നത് കൊണ്ട് ഉയർന്ന വിലയുള്ള മരുന്നുകളുടെ സാമ്പിളുകൾ ശേഖരിക്കുവാൻ കഴിയുന്നില്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) ഇത്തരം പരിശോധന നടത്തുന്നതിനുള്ള ലാബ് ഇപ്പോൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; പുതുതായി എവിടെയെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(എഫ്) സംസ്ഥാനത്ത് വിപണിയിലിറങ്ങുന്ന മരുന്നുകൾ കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ

731 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വ്യാപകമാകുന്നത് കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ കർശന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സൗജന്യ ജനറിക് മരുന്നു വിതരണം</u>

732 ശ്രീ. കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ, സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജനറിക് മരുന്നുകൾ ഏതൊക്കെ വിഭാഗങ്ങൾക്കാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത്തരം മരുന്നുകൾ ഏതെല്ലാം തരം ആശുപത്രികളിലാണ് നൽകുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി ആവശ്യമായ ധനസഹായം നൽകാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>നശിപ്പിക്കപ്പെട്ട മരുന്നുകൾ</u>

733

ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമ സ്യൂട്ടിക്കൽസ് നിർമ്മിച്ച മരുന്നുകൾ നശിപ്പിച്ചു കളയുവാൻ ഇടയായിട്ടുണ്ടോ; എങ്കിൽ അതിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ വ്യക്തമാക്കാമോ;

(ബി) എത്ര രൂപയുടെ മരുന്നുകൾ നശിപ്പിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) ഈ നഷ്ടം ആരിൽ നിന്ന് ഈടാക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജീവിതശൈലീ രോഗങ്ങൾ</u>

734 ശ്രീ. കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം മരുന്നുകൾ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾ വഴിയാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത്;

(ഡി) ഏതെല്ലാം വിഭാഗക്കാർക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

മരുന്നു പരീക്ഷണം

735 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
'' കെ. എൻ. എ. ഖാദർ
'' കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത മരുന്നു പരീക്ഷണം മരണങ്ങൾക്കിടയാക്കുന്നു എന്നും, അത് തടയണമെന്നുള്ള ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശവും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള മരുന്നു പരീക്ഷണം നടക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും സംസ്ഥാന ഏജൻസി വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ, വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് അനുമതിയോടെയുള്ള മരുന്നു പരീക്ഷണം നടന്നിരുന്നോ; എങ്കിൽ, അതു സംബന്ധിച്ച വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ഔഷധവ്യാപാര ലൈസൻസുകൾ ഓൺലൈനിൽ</u>

736 ശ്രീ. ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, ആർ സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔഷധ വ്യാപാര ലൈസൻസുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ലൈസൻസില്ലാതെ മരുന്നുകൾ വിൽക്കുന്നവർക്കെതിരെ നടപടി എടുക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട്?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

പുതിയ മെഡിക്കൽ കോളേജുകൾ

737 ശ്രീ. കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവയുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇവ തുടങ്ങുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>സർക്കാർ നിയന്ത്രിത മരുന്നു വില്പനശാലകളുടെ പ്രവർത്തനം</u>

738 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രിത മരുന്ന് വില്പന ശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഇവയുടെ സേവനം എത്രത്തോളം ജനങ്ങൾക്ക് ആശ്വാസകരമാണ്; വിശദാംശങ്ങൾ നല്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ ഷോപ്പുകളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) സ്വകാര്യ മരുന്ന വില്പന ശാലകൾ ലാഭേച്ഛ മാത്രം മുൻനിർത്തി ഗർഭഛിദ്രത്തിനടക്കമുള്ള മരുന്നുകൾ ഒരു മാനദണ്ഡവുമില്ലാതെ യഥേഷ്ടം വിലപന നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(ഡി) സമൂഹത്തിന് നാശം വിതക്കുന്ന മരുന്നു വില്പന ശാലകളുടെ ഇപ്രകാരമുള്ള അനാരോഗ്യ പ്രവണതകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

കാൻസർ ചികിൽസാസഹായം

739 ശ്രീ. സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' തോമസ് ഉണ്ണിയാടൻ
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് ചികിൽസക്ക് ഉൾപ്പടെ വലിയ തുക ചെലവാകുന്ന സാഹചര്യം പരിഗണിച്ച് ഇവർക്ക് നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം കുറഞ്ഞത് `5000/(അയ്യായിരം രൂപ) എങ്കിലും ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാൻസർ രോഗികൾക്ക് കുറഞ്ഞ ചെലവിൽ ഔഷധങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കാൻസർ രോഗ ബാധിതർ</u>

740 ശ്രീ. എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ എണ്ണം വളരെ ഉയർന്ന തോതിൽ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് കാരണം എന്താണെന്നതു സംബന്ധിച്ച് വിശദമായ പഠനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കാൻസർ രോഗം വ്യാപിക്കുന്നത് നിയന്ത്രിക്കുന്നതിനായി എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പ്രചാരണ പരിപാടികളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കുമോ :

(ഡി) ഇത് ഫലപ്രദമായോ, ഇല്ലയോ എന്നതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>ബില്ലുകൾ നൽകാതെയുള്ള അനധികൃത മരുന്ന് വില്പന</u>

741 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നുകടകൾ ബില്ലുകൾ നൽകാതെ ഗർഭഛിദ്രമരുന്നുകൾ കച്ചവടം നടത്തി സർക്കാരിന് നികുതി നൽകാതെ, ജനങ്ങളുടെ അറിവില്ലായ്മ ചൂഷണം ചെയ്യുന്നതും, ഡോക്ടർമാരുടെ കുറിപ്പില്ലാതെ അനധികൃത മരുന്നുകൾ വില്പന നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗർഭഛിദ്രം നടത്തുന്നതിന് കർശന നിയമമുള്ള സംസ്ഥാനത്ത്, ഡോക്ടർമാർ അറിയാതെ മരുന്നുകടകൾ ബില്ലുകൾ പോലും നൽകാതെ കോടിക്കണക്കിന് രൂപയുടെ ഗർഭഛിദ്ര മരുന്നു കച്ചവടം നടത്തുന്നതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പ്രസ്തുത മരുന്നു കമ്പനി റെപ്രസന്റേറ്റീവ്മാരെയും മരുന്നുകച്ചവടക്കാരെയും നിയമത്തിന് മുന്നിൽ കൊണ്ടു വന്ന്, വേണ്ട ശിക്ഷ ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരുടെ കുറിപ്പിൻമേൽ വില്ക്കാനും, കുറിപ്പും ബില്ലും കടയിൽ സൂക്ഷിക്കാനും നിബന്ധനയുള്ള 'ഷെഡ്യൂൾ എച്ച്'-ൽപ്പെട്ട ഗർഭഛിദ്ര മരുന്നുകൾ അനധികൃതമായി ഏതെല്ലാം മരുന്നുകടകൾ വിറ്റിറ്റുണ്ട് എന്നത് സംബന്ധിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) 'ഷെഡ്യൂൾ എച്ച്' വിഭാഗത്തിലെ ഏതെല്ലാം മരുന്നുകൾ സംസ്ഥാനത്ത് വിൽക്കുന്നുവെന്നും ഏതെല്ലാം കമ്പനികളാണ് സംസ്ഥാനത്ത് വിതരണക്കാരെന്നതും സംബന്ധിച്ച് നടപ്പു വർഷം എന്തെല്ലാം പരിശോധനകൾ നടത്തിയിട്ടുണ്ട്;

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

(ഇ) ഗര്‍ഭഛിദ്രത്തിനുള്ള മരുന്നുകളുടെ വിപണനത്തിലൂടെ കോടികളുടെ അഴിമതി, ഉപയോഗത്തിലൂടെ ഉണ്ടാകാവുന്ന ജീവഹാനി എന്നിവ സംബന്ധിച്ച് ഒരു വിശദമായ അന്വേഷണം നടത്താനും അതുവഴി ഇത് തടയാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) സാമ്പത്തികമായി മുന്നോക്കം നില്‍ക്കുന്ന പല ജില്ലകളിലും പെണ്‍ശിശു നിരക്ക് കുറയാന്‍ കാരണം എന്തെന്ന് പരിശോധനയ്ക്ക് വിധേയമാക്കുമോ ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>ഗർഭഛിദ്ര മരുന്നുകളുടെ അനധികൃത വില്പന</u>

742 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ ഗർഭഛിദ്ര മരുന്ന് അനധികൃതമായി വിറ്റഴിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മരുന്നുകൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ മരുന്നു വില്പന കണ്ടെത്തി തടയുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് പെൺശിശു ജനന നിരക്ക് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ, ഇതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ആരോഗ്യവകുപ്പിന് പദ്ധതിയേതര ചെലവുകൾക്കായി അനുവദിച്ച തുക

743 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-2012 സാമ്പത്തിക വർഷം ആരോഗ്യ വകുപ്പിന് ശമ്പളം ഒഴികെയുള്ള പദ്ധതിയേതര ചെലവുകൾക്കായി എത്ര തുകയാണ് അനുവദിച്ചതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പകർച്ചപ്പനി</u>

744 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി പടർന്നു പിടിച്ച എത്ര സ്ഥലങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതെല്ലാം സ്ഥലങ്ങളാണവ;

(ബി) പകർച്ചപ്പനി പടർന്നുപിടിക്കാൻ സാദ്ധ്യതയുളള പ്രദേശങ്ങൾ കണ്ടെത്തി, പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ, എവിടെയെല്ലാം; എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത്;

(സി) സർക്കാർ-സ്വകാര്യ ആശുപത്രികളിൽ എത്ര പേർ ചികിത്സയ്ക്ക് വിധേയരായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; പകർച്ചപ്പനിമൂലം എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(ഡി) പകർച്ചപ്പനി പടർന്നു പിടിച്ചിട്ടുളള പ്രദേശങ്ങളിലെ സർക്കാർ ആശുപത്രികളിൽ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, നേഴ്സുമാർ, മരുന്ന് തുടങ്ങിയവയെല്ലാം അധികമായി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സ്ക്രബ് ടൈഫസ് പനി</u>

745 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്ക്രബ് ടൈഫസ് പനി മൂലം എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) ഇത് നിയന്ത്രിക്കുവാനും ബോധവൽക്കരണം നടത്തുവാനും എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

സര്‍ക്കാര്‍ ആശുപത്രികളില്‍ ഡോക്ടര്‍മാരുടെ അഭാവം

746 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളില്‍ ഡോക്ടര്‍മാരുടെ അഭാവം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാന്‍ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പി.എസ്.സി. വഴി ഇന്റര്‍വ്യു കഴിഞ്ഞ ഉദ്യോഗാര്‍ത്ഥികളെ പ്രസ്തുത ഒഴിവുകളിലേക്ക് ഉടന്‍ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഉദ്യോഗാര്‍ത്ഥികളെ എന്ന് നിയമിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ ഒഴിവുകൾ</u>

747 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഡോക്ടർമാരെ നിയമിച്ചെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ആദിവാസി മേഖലയിൽ ഡോക്ടർമാരുടെ ക്ഷാമം

748 ശ്രീ. വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ, പ്രത്യേകിച്ചും ആദിവാസി മേഖലയിൽ ഡോക്ടർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് 20,000 രൂപ അലവൻസ് പ്രഖ്യാപിച്ചിട്ടും ആവശ്യത്തിനു ഡോക്ടർമാരെ ലഭിക്കാത്തത് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഇത്തരം മേഖലകളിൽ യോഗ്യരായ നേഴ്സുമാരെ, നേഴ്സിംഗ് പ്രാക്ടീഷണർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>ഭക്ഷ്യ സുരക്ഷാ നിയമം</u>

749 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) വിവിധ സർക്കാർ ലാബുകൾ എൻ. എ. ബി. എൽ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിന് അഡ്ജുഡിക്കേഷൻ ഓഫീസർമാരെ നിയമിക്കുവാനും ഫുഡ് സെഫ്റ്റി അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷന്‍</u>

750 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആഹാരപദാര്‍ത്ഥങ്ങള്‍ കച്ചവടം ചെയ്യുന്നവരെല്ലാം ഭക്ഷ്യസുരക്ഷാനിയമ പ്രകാരം രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതുവരെ എത്ര ശതമാനം കച്ചവടക്കാര്‍ രജിസ്റ്റര്‍ ചെയ്തതായിട്ടാണ് കണക്കാക്കുന്നത്;

(ബി) രജിസ്റ്റര്‍ ചെയ്യാതെ ആഹാര പദാര്‍ത്ഥങ്ങള്‍ വിപണനം നടത്തുന്നവര്‍ക്കെതിരെ ഇതുവരെ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്നറിയിക്കാമോ;

(സി) ആദ്യഘട്ടത്തില്‍ പരിശോധന നടത്തിയ 2198 സ്ഥാപനങ്ങളില്‍ 59% വും നിലവാരമില്ലാത്തവയായിരുന്നെന്ന കണ്ടെത്തലിനെ തുടര്‍ന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നല്‍കാമോ;

(ഡി) നിബന്ധനകള്‍ പാലിക്കാത്ത സ്ഥാപനങ്ങളെ നോട്ടീസ് കൂടാതെ അടപ്പിക്കുമെന്നും പ്രോസിക്യൂഷന്‍ /പീനല്‍ നടപടികള്‍ സ്വീകരിക്കുമെന്നുമുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിര്‍ദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) പരിശോധനയെ തുടര്‍ന്ന് അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളെല്ലാം മള്‍ട്ടി ഡിസിപ്ലിനറി കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷമാണോ തുറന്ന് പ്രവര്‍ത്തിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.02.2013–ലെ മറുപടിക്ക്

'ശബരിമല മാസ്റ്റർ പ്ലാൻ'

751 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ശബരിമല മാസ്റ്റർ പ്ലാൻ' നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരിമലയിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയായിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കഴിഞ്ഞ മണ്ഡലകാല തീർത്ഥാടനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടായിരുന്നു; വിശദമാക്കുമോ;

(ഡി) തീർത്ഥാടനകാലത്തെ സുരക്ഷ ഉറപ്പാക്കുന്നതിന്, 'സേഫ്റ്റി മാനുവൽ' പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ</u>
<u>സീനിയോരിറ്റി</u>

752 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തസ്തികമാറ്റം വഴി ആരോഗ്യവകുപ്പിൽ നിയമിതരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) 2001,2003 കാലയളവിൽ പ്രൊമോഷൻ ലഭിക്കേണ്ടതായ സർവ്വീസിലുള്ളതും യോഗ്യത നേടിയവരുമായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാർക്ക് ഒഴിവില്ല എന്ന കാരണം പറഞ്ഞ് പ്രൊമോഷൻ നൽകാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കാലയളവിൽ വിവിധ ജില്ലാ മെഡിക്കൽ ആഫീസർമാർ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പ്രകാരം പ്രസ്തുത തസ്തികയിൽ എത്രപേർ പി.എസ്.സി വഴി നിയമനം നേടിയിട്ടുണ്ട്.

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ഫാർമസിസ്റ്റ് തസ്തികകൾ</u>

753 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഡി.എച്ച്.എസിനു കീഴിലെ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നത്, ഏതു വർഷത്തെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഡി.എച്ച്.എസിനു കീഴിലെ ആശുപത്രികളിൽ പി.എച്ച്.സി, സി.എച്ച്.സി, റ്റി.എച്ച്.ക്യു ഹോസ്പിറ്റലുകൾ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, ജനറൽ ആശുപത്രി, സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങിയ ഇടങ്ങളിൽ ഓരോ സ്ഥലങ്ങളിലും വേണ്ട ഫാർമസിസ്റ്റുകളുടെ എണ്ണം എത്ര വീതം എന്ന് വ്യക്തമാക്കാമോ; ഇവിടങ്ങളിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്നത് എത്ര;

(സി) ഡി.എച്ച്.എസിൽ നിന്നും പുതിയതായി തസ്തിക അനുവദിക്കുന്നതിനായി നൽകിയ പ്രൊപ്പോസലിൽ ഫാർമസിസ്റ്റ് തസ്തിക മാത്രം അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഐ.പി ഉള്ള ആശുപത്രികളിലെല്ലാം, കുറഞ്ഞത് മൂന്ന് ഫാർമസിസ്റ്റ് തസ്തിക എങ്കിലും അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജെ. പി. എച്ച്. എൻ. തസ്തിക</u>

754 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരുടെ എത്ര തസ്തികകൾ ഈ സാമ്പത്തിക വർഷം അധികം സൃഷ്ടിച്ചു;

(ബി) ജനസംഖ്യാനുപാതികമായി ജെ. പി. എച്ച്. എൻ. തസ്തിക പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എൻട്രി കേഡറിൽ ജെ. പി. എച്ച്. എൻ. മാരുടെ തസ്തികയിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ആലപ്പുഴ ജില്ലയിൽ എത്ര എൻട്രി കേഡർ തസ്തികകളുടെ കുറവ് ഉണ്ടായിട്ടുണ്ട്;

(സി) ആലപ്പുഴ ജില്ലയിൽ 2009 ൽ നിലവിൽ വന്ന ജെ. പി. എച്ച്. എൻ. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു; എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇവ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>മാനസികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം</u>

755 ശ്രീ. എം.എ. ബേബി
ശ്രീമതി പി. അയിഷാ പോറ്റി
ഡോ. കെ.ടി. ജലീൽ
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) വൈദഗ്ദ്ധ്യം നേടിയ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും കുറവു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ
സ്വീകരിച്ചിട്ടുണ്ടോ;

(സി) രോഗം മാറിയവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

മാനസികാരോഗ്യകേന്ദ്രങ്ങളുടെ പരിപാലനം

756 ഡോ. കെ.ടി.ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസികാരോഗ്യകേന്ദ്രങ്ങളുടെ പരിപാലന ത്തിനും സംരക്ഷണത്തിനും ആശുപത്രി അധികൃതരും ഭരണാധികാരികളും കുറ്റകരമായ വീഴ്ച വരുത്തുന്നതായി നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ വിലയിരുത്തൽ പരിശോധിച്ചിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പരിഹരിക്കുന്നതിന് ആവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതു നടപ്പാക്കാനുളള ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തുണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>മാനസിക രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം</u>

757 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ രംഗത്ത് ഡോക്ടർമാരുടെ കുറവു പരിഹരിക്കുന്നതിനും, കൂടുതൽ പേരെ ആകർഷിക്കുന്നതിനുമായി സർവ്വീസിലുള്ളവർക്ക് സൈക്യാട്രിയിൽ പി. ജി. ചെയ്യുന്നതിന് കൂടുതൽ സീറ്റുകൾ അനുവദിക്കണമെന്ന നിയമസഭാ സമിതിയുടെ ശുപാർശ നടപ്പിലാക്കിയോ; എങ്കിൽ വിശദമാക്കുമോ;

(ബി) മാനസിക രോഗികളെ പരിചരിക്കുന്നവർക്ക് സർക്കാർ നൽകിവരുന്ന ധനസഹായം എത്രയാണ്; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

കൊല്ലം ജില്ലാ ആശുപത്രിയോടനുബന്ധിച്ച്
മാനസികാരോഗ്യ കേന്ദ്രം

758 ശ്രീ. പി.കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മെന്റലി റിട്ടാര്‍ഡഡ് ആയവര്‍ക്കു വേണ്ടി കൊല്ലം ജില്ലാ ആശുപത്രിയോടനുബന്ധിച്ച് മാനസികാരോഗ്യ കേന്ദ്രം സ്ഥാപിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിനുള്ള നടപടികള്‍ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ അത് എന്നത്തേയ്ക്കു ആരംഭിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കുരുവട്ടൂര്‍ ഗ്രാമപഞ്ചായത്തില്‍ അംഗന്‍വാടി</u>

759 ശ്രീ. എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂര്‍ ഗ്രാമ പഞ്ചായത്തില്‍ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തരിശുഭൂമിയില്‍ അഞ്ച് സെന്റ് സ്ഥലത്ത് അംഗന്‍വാടി നിര്‍മ്മിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഇക്കാര്യത്തില്‍ ഇതുവരെ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഹെൽത്ത് ക്ളിനിക്കുകൾ

760 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വലിയ സർക്കാർ സമുച്ചയങ്ങളിൽ പല സ്ഥലത്തും ഹെൽത്ത് ക്ലിനിക്കുകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

പാലിയേറ്റീവ് കെയറിൽ കഴിയുന്ന കാൻസർരോഗികൾ

761 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർരോഗം പിടിപെട്ട് പാലിയേറ്റീവ് കെയറിൽ കഴിയുന്ന രോഗികൾ എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സർക്കാർ, സർക്കാരിതര ആശുപത്രികളിൽനിന്നും ഡിസ്ചാർജ് ചെയ്യപ്പെട്ട് വീടുകളിലും മറ്റും ചികിത്സ തുടരുന്ന കാൻസർ രോഗികൾക്ക് മരുന്ന് എത്തിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കുമോ;

(സി) കാൻസർ രോഗ ബാധിതരുടെയും ഇതുമൂലം മരണപ്പെട്ടവരുടെയും കഴിഞ്ഞ രണ്ട് വർഷത്തെ കണക്കുകൾ ലഭ്യമാണോ; ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പെയിൻ & പാലിയേറ്റീവ് കെയർ പോളിസി</u>

762 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെയിൻ & പാലിയേറ്റീവ് കെയർ പോളിസി നടപ്പിലാക്കിയിട്ടുണ്ടോയെന്നും എന്നു മുതലാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കുമോ;

(ബി) പെയിൻ & പാലിയേറ്റീവ് കെയർ പോളിസിയുടെ നയരേഖയും മാർഗ്ഗ നിർദ്ദേശങ്ങളും അത് സംബന്ധിച്ച ഉത്തരവുകളും ലഭ്യമാക്കുമോ;

(സി) ഇതനുസരിച്ച് സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലുമാണ് പെയിൻ & പാലിയേറ്റീവ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ പെയിൻ & പാലിയേറ്റീവ് മെഡിസിൻ വകുപ്പ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഏറ്റവും നല്ല നിലയിൽ പെയിൻ & പാലിയേറ്റീവ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ പെയിൻ & പാലിയേറ്റീവ് വിഭാഗം രൂപീകരിക്കുവാനും പെയിൻ & പാലിയേറ്റീവ് വാർഡുകൾ തുറക്കുവാനും നടപടി സ്വീകരിക്കുമോ;

(എഫ്) പെയിൻ & പാലിയേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളാണ് ഇപ്പോൾ നിർദ്ധന രോഗികൾക്കാവശ്യമായ ജീവൻരക്ഷാമരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അർബുദരോഗ ചികിത്സ നടത്തി പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് മോർഫിൻ അടക്കമുള്ള വേദന സംഹാരി മരുന്നുകൾ സർക്കാർ മെഡിക്കൽ കോളേജുകൾവഴി വിതരണം ചെയ്യുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇത്തരം വേദന സംഹാരി മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സർക്കാർ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലെ പെയിൻ & പാലിയേറ്റീവ് ക്ലീനിക്കുകളിലും രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>മലബാർ മേഖലയിൽ വർദ്ധിച്ചുവരുന്ന കാൻസർ രോഗം</u>

763 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ കാൻസർ രോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) മലബാർ കാൻസർ സെന്റർ വഴി കാൻസർ നിയന്ത്രിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആശുപത്രികളിലെ അണുബാധ</u>

764 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആശുപത്രികളിലെ തീവ്രപരിചരണ വിഭാഗത്തിലും ഓപ്പറേഷൻ തിയേറ്ററുകളിലും അണുബാധയുടെ തോത് വർദ്ധിക്കുന്നതുകാരണം രോഗികൾ മരണമടയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓപ്പറേഷൻ തിയേറ്ററുകളും തീവ്രപരിചരണ വിഭാഗങ്ങളും അണുവിമുക്തമായി സൂക്ഷിക്കുന്നതിന് ലോകാരോഗ്യ സംഘടന അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ ആശുപത്രികളിൽ പൂർണ്ണമായും പാലിച്ചുകൊണ്ട് രോഗികളുടെ ജീവന് സുരക്ഷ ഉറപ്പുവരുത്തുവാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിൽ പാരാമെഡിക്കൽ കൗൺസിൽ</u>

765 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിൽ പാരാമെഡിക്കൽ കൗൺസിൽ തുടങ്ങുന്നതിനായി 2011-2012ലെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മനുഷ്യശരീരാവയവങ്ങളുടെ മാറ്റിവയ്ക്കൽ കേന്ദ്രം</u>

766 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ വിവിധ മനുഷ്യശരീരാവയവങ്ങുടെ മാറ്റി വയ്ക്കൽ കേന്ദ്രം (മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റിംഗ് സെന്റർ) തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപയുടെ മുതൽ മടക്കാണ് പ്രതീക്ഷിക്കുന്നത്; ആയതിലേയ്ക്ക് എത്ര തുക ഇപ്പോൾ മാറ്റിവച്ചു;

(സി) പ്രസ്തുത കേന്ദ്രം എവിടെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത കേന്ദ്രത്തിന് ആവശ്യമായ അദ്ധ്യാപകർ, ഡോക്ടർമാർ, മറ്റ് ജീവനക്കാർ എത്രവീതമുണ്ടാകണമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഇ) പ്രസ്തുത കേന്ദ്രം തുടങ്ങുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് എന്തെങ്കിലും നിർദ്ദേശം ആരോഗ്യ വകുപ്പിന് നൽകിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത കേന്ദ്രം തുടങ്ങാനായി കേന്ദ്ര ഫണ്ട് പ്രതീക്ഷിക്കുന്നുവോ; കൂടാതെ 12-ാം പഞ്ചവത്സര പദ്ധതിയിൽ അവയവമാറ്റ ചികിത്സാരംഗത്തെ ഉന്നമനം ലക്ഷ്യമിട്ട് പ്രഖ്യാപനം വരാൻ സാധ്യതയുള്ളതായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) അവയവദാനമാറ്റ ശസ്ത്രക്രിയ വളരെ സങ്കീർണ്ണമായ നമ്മുടെ സംസ്ഥാനത്ത് നിയമത്തിൽ സമൂലമാറ്റം വരുത്തി വ്യവസ്ഥകൾ ഉദാരമാക്കി മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റിംഗ് സെന്റർ അടിയന്തിരമായി

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ ഹെൽത്ത് പ്രോജക്ട്</u>

767 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഹെൽത്ത് പ്രോജക്ട് സംസ്ഥാനത്തെ എല്ലാ സ്കൂളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) സ്കൂൾ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത ഏജൻസി ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ഹെൽത്ത് കാർഡ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ സംസ്ഥാനത്തെ ഏതെങ്കിലും അസംബ്ലി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക്ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

768 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011,ജനുവരിയിൽ നിലവിൽവന്ന അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചു; പ്രസ്തുത ലിസ്റ്റിലെ എല്ലാവർക്കും നിയമനം നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലനിൽക്കെ ഇന്റർവ്യൂ മാത്രം നടത്തി പുതിയ റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നത് നിലവിലെ ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം തടസ്സപ്പെടുന്നതിന് കാരണമാകില്ലേ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

എസ്. കെ. മിത്തൽ കമ്മീഷൻ റിപ്പോർട്ട്

769 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീംകോടതി നിയോഗിച്ച എസ്. കെ. മിത്തൽ കമ്മീഷൻ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ പ്രകാരം നമ്മുടെനാട്ടിലെ കടകളിൽ അറപ്പുളവാക്കുന്ന രീതിയിൽ ഇറച്ചി, വില്പനക്കായി പ്രദർശിപ്പിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഷവർമ പോലുള്ള ആഹാര സാധനങ്ങൾ വൃത്തിഹീനമായ തരത്തിൽ വില്പനയ്ക്ക് പ്രദർശിപ്പിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ.

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ</u>

770 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്ക് നിയമാനുസൃത പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) സ്വകാര്യ ലബോറട്ടറികൾക്ക് പ്രവർത്തിക്കാൻ ലൈസൻസ് കൊടുക്കുന്നത് ആരാണ്;

(സി) ഒരേ ടെസ്റ്റ്, വിവിധ സ്വകാര്യ ലാബുകളിൽ നടത്തുമ്പോൾ റിപ്പോർട്ടുകളിൽ വൈരുദ്ധ്യം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ ലാബുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ലബോറട്ടറികൾ</u>

771 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് പറയാമോ; സർക്കാർ ആശുപത്രികളിൽ അല്ലാതെ പുറത്ത് എത്ര ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികൾ സംസ്ഥാനത്ത് എത്രയുണ്ടെന്ന് പറയാമോ; ഇവിടങ്ങളിലെല്ലാം യോഗ്യത നേടിയ ടെക്നീഷ്യൻമാരാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ ലബോറട്ടറികളിൽ വിവിധ പരിശോധനകൾക്ക് എത്തുന്ന രോഗികളിൽനിന്നും ഓരോ ടെസ്റ്റുകൾക്കും ഈടാക്കുന്ന ഫീസ് എത്രയായിരിക്കണം എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) പല ലബോറട്ടറികളിലും അന്യായമായ വലിയ തുകകളാണ് പരിശോധനാഫീസായി രോഗികളിൽനിന്നും ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ മേഖലയിലെ പരിശോധനാഫീസുകളിൽ നിയന്ത്രണം ഉണ്ടാക്കുവാനും അമിതചാർജ് ഈടാക്കുന്ന ലബോറട്ടറികളുടെ ലൈസൻസ് പിൻവലിക്കാനും നടപടി സ്വീകരിക്കുമോ;

(എഫ്) ലാബുകളുടെ മേൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം വിവിധ ആവശ്യങ്ങൾക്ക് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) ഇതിന്റെ പേരിൽ ലബോറട്ടറികൾ രോഗികളിൽനിന്നും കൂടുതൽ ഫീസ് ഈടാക്കുന്നുണ്ടോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>സീ മാറ്റിലെ രജിസ്ട്രാർ നിയമനം</u>

772 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനു കീഴിലുള്ള സീമാറ്റിൽ (SI-MET) രജിസ്ട്രാർ, അക്കൗണ്ട്സ് ഓഫീസർ തസ്തികകൾ നിലവിലുണ്ടോ;

(ബി) ഈ തസ്തികകളിൽ ഇപ്പോൾ ആരെല്ലാമാണ് സേവനമനുഷ്ഠിക്കുന്നതെന്നും അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെന്നും വിശദമാക്കാമോ;

(സി) രജിസ്ട്രാർ നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) രജിസ്ട്രാർ തസ്തികയിൽ ഏതെങ്കിലും വ്യക്തിയെ നിയമിക്കണമെന്നാവശ്യപ്പെട്ട് സീ മാറ്റ് ചെയർമാൻ കൂടിയായ വകുപ്പുമന്ത്രി ഡയറക്ടർക്ക് കത്ത് നൽകിയിരുന്നുവോ;

(ഇ) എങ്കിൽ ആ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സീമാറ്റിലെ തസ്തികകൾ</u>

773 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിനുകീഴിലുള്ള സീമാറ്റിൽ രജിസ്ട്രാർ തസ്തികയും അക്കൗണ്ട്സ് ഓഫീസർ തസ്തികയും ആവശ്യമില്ലെന്ന് കാണിച്ച് സർക്കാർ ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ;

(ബി) ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സീമാറ്റിൽ എന്നാണ് രജിസ്ട്രാർ, അക്കൗണ്ട്സ് ഓഫീസർ തസ്തിക സൃഷ്ടിച്ചതെന്നും ഈ തസ്തികയിൽ എത്ര കാലമായി ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ സ്വാസ്ത്യ ബീമായോജന (ആർ.എസ്.ബി.വൈ.)</u>
<u>സഹായി തൊഴിലാളികളുടെ വേതനം</u>

774 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹോസ്പിറ്റലുകളിൽ ആർ.എസ്.ബി.വൈ. സഹായികളായി ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്തുവരുന്നു ;

(ബി) ഒരു ഡ്യൂട്ടിക്ക് ഇവരുടെ വേതനം എത്ര രൂപയാണ് ;

(സി) ഇവർക്ക് മിനിമം വേതനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഏത് ഫണ്ടിൽനിന്നാണ് ആർ.എസ്.ബി. വൈ. സഹായി ജീവനക്കാർക്ക് വേതനം നൽകിവരുന്നതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

മാനസികാരോഗ്യ കേന്ദ്രങ്ങളിലെ മിനിമം
സ്റ്റാഫ് പാറ്റേൺ

775 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1987 ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള മിനിമം സ്റ്റാഫ് പാറ്റേൺ ഇതു വരെയും നടപ്പാക്കാൻ കഴിയാതിരുന്നതു മൂലമുള്ള പ്രശ്നങ്ങൾ ഗൗരവമായി കാണുന്നുണ്ടോ;

(ബി) വൈദഗ്ധ്യം നേടിയ ഡോക്ടർമാരുടെയും സോഷ്യൽ വർക്കർമാരുടെയും കുറവ് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന നിയമസഭാ സമിതിയുടെ കണ്ടെത്തൽ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ സമിതി സർക്കാരിനു മുന്നിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ എതെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? എങ്കിൽ, വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ</u>

776 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ശാന്തിവിള ആശുപത്രിയുടെ വികസനം</u>

777 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ശാന്തിവിള ആശുപത്രിയെ നൂറ് കിടക്കകളുള്ള ആശുപത്രിയായി എന്നത്തേക്ക് വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ആശുപത്രിയിൽ ജനറൽ മെഡിസിൻ, ഗൈനക്കോളജി, ദന്തചികിത്സാ ശിശുരോഗം തുടങ്ങിയ വിഭാഗങ്ങൾ വിപുലമായ തോതിൽ നടപ്പിലാക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയുടെ വികസനം

778 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയെ, താലൂക്ക് നിലവാരമുള്ള ആശുപത്രിയാക്കി ഉയർത്തിയിട്ടും അതിനാവശ്യമുള്ള സംവിധാനമോ സജ്ജീകര ണങ്ങളോ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കൊരട്ടി ഇ.എസ്.ഐ ഡിസ്പെൻസറി</u>

779 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയുള്ള കൊരട്ടി ഇ.എസ്.ഐ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമായുള്ള പ്രസ്തുത ഡിസ്പെൻസറിയെ ഒരു ഡോക്ടർ ഡിസ്പെൻസറിയാക്കി തരംതാഴ്ത്താൻ ആലോചിക്കുന്നുണ്ടോ;

(സി) രണ്ടായിരത്തോളം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രയോജനകരമായ കൊരട്ടി ഇ.എസ്.ഐ ആശുപത്രിയിൽ രണ്ട് ഡോക്ടർമാരുടേയും സേവനം തുടർന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## മാവൂരിൽ കാൻസർ ചികിത്സയ്ക്ക് സൗജന്യസ്ഥലം

780 ശ്രീ. പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ ചികിത്സയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം സൗജന്യമായി നൽകിയത് ആരാണ് എന്നും ഈ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണ് എന്നും ഈ സ്ഥലത്തിൽ നിലവിൽ എത്ര ചുതുരശ്ര അടി കെട്ടിടമാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(സി) ജില്ലാ ഭരണകൂടം എന്നാണ് ഈ സ്ഥലം ഏറ്റെടുത്തത്;

(ഡി) പ്രസ്തുത സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിനായി എന്തെങ്കിലും നിർദ്ദേശം സാമൂഹ്യസുരക്ഷിതത്വമിഷൻ മുന്നോട്ട് വെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) സാമൂഹ്യസുരക്ഷിതത്വമിഷനെയും കോഴിക്കോട് മെഡിക്കൽ കോളേജിനെയും എൻ. ആർ. എച്ച്. എംന്റെയും ജില്ലാപഞ്ചായത്തിന്റെയും സംയുക്ത സംരഭമെന്ന നിലയിൽ ഈ സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് നിയമതടസ്സം ഉണ്ടോ;

(എഫ്) സ്ഥലം സൗജന്യമായി നൽകിയവരുമായി എന്തെങ്കിലും ധാരണാപത്രം ഉണ്ടാക്കുകയോ ആധാരത്തിൽ എന്തെങ്കിലും വ്യവസ്ഥകൾ വയ്ക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആധാരത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) പ്രസ്തുത സ്ഥലവും കെട്ടിടവും ഇപ്പോൾ ഏത് വകുപ്പിന്റെ കീഴിലാണ് ഉള്ളത് എന്നും ഇത് സാമൂഹ്യസുരക്ഷിതത്വമിഷനോ ജില്ലാ പഞ്ചായത്തിനോ കൈമാറാൻ

ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത വസ്തു ഉപയോഗപ്പെടുത്തുന്നതിന് ഒരു സ്കീം തയ്യാറാക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

പാമ്പാടി, പാല സർക്കാർ ആശുപത്രിയിലെ
പുതിയ തസ്തികകൾ

781 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം പാമ്പാടി, പാല സർക്കാർ ആശുപത്രികളിൽ പുതുതായി, എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഇത്തരത്തിൽ ഏതെങ്കിലും ആശുപത്രികളിൽ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(സി) സർക്കാർ ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിനനുസരിച്ച് ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) തിരുവല്ല, മല്ലപ്പള്ളി, പാമ്പാടി, പാല ആശുപത്രികളിൽ ഒരു ദിവസം എത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) തിരുവല്ല, മല്ലപ്പള്ളി, പാല, പാമ്പാടി എന്നീ ആശുപത്രികളിലെ ഇനം തിരിച്ചുള്ള തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ഒഴിവുള്ള തസ്തികകൾ</u>

782 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്, തിരുവങ്ങൂർ സി.എച്ച്.സി., മേലടി സി.എച്ച്.സി. അനുബന്ധ പി.എച്ച്.സി.കൾ എന്നിവിടങ്ങളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു എന്ന് വ്യക്തമാക്കുമോ; തസ്തികകളുടെ ഒഴിവ് വിവരം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള ഈ തസ്തികകൾ ഓരോന്നും എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നതാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിയമനം എപ്പോൾ നടത്തുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ്</u>

783 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിയന്തിരഘട്ടങ്ങളിൽ സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ ആശുപത്രികളിൽ ചികിൽസ തേടുന്ന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എയിഡഡ് മേഖലയിൽ ജോലിചെയ്യുന്ന അധ്യാപക- അനധ്യാപക ജീവനക്കാർക്ക് ഗുരുതര രോഗങ്ങൾക്ക് ചികിൽസാചെലവ് അഡ്വാൻസ് ആയി നൽകുന്നതിന് നിലവിൽ നിയമവ്യവസ്ഥയുണ്ടോ; എങ്കിൽ ഇത് പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം സഹായങ്ങൾ മുൻകാലങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>മലബാർ കാൻസർ സെന്റർ സൊസൈറ്റിക്ക് ധനസഹായം</u>

784 ശ്രീ. ആർ.രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലബാർ കാൻസർ സെന്റർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായുള്ള ധനസഹായമായി 2011-12 ലെ ബഡ്ജറ്റിൽ എത്ര തുകയാണ് പദ്ധതിയേതരയിനത്തിൽ നീക്കി വെച്ചതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം</u>

785 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ചിട്ടുള്ള പി.ഡബ്ലിയൂ.ഡി. അംഗീകരിച്ച എസ്റ്റിമേറ്റ് ലഭിച്ചോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.എച്ച്.എസ്.-ൽ ഇപ്പോൾ നിലവിലുള്ള ഫയൽ നമ്പർ ലഭ്യമാക്കാമോ; ഈ ഫയൽ റിപ്പോർട്ടിനായി എന്നാണ് കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ആർ. ഒ. പ്ലാന്റും</u>

786 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ആർ. ഒ. പ്ലാന്റും സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ജനപ്രതിനിധികളുടെയും വാട്ടർ അതോറിറ്റി-ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടി ഈ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

കലയ്ക്കോട് സി.എച്ച്.സി. യിൽ കിടത്തി ചികിത്സ

787 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കലയ്ക്കോട് സി.എച്ച്.സി.യിൽ കിടത്തി ചികിത്സ പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ ;

(ബി) കിടത്തി ചികിത്സ ഉണ്ടായിരുന്ന ആശുപത്രി എന്ന നിലയിൽ ആയത് വീണ്ടും ആരംഭിക്കുന്നതിലേയ്ക്ക് എന്ത് തടസ്സമാണ് നിലവിലുള്ളത് ;

(സി) എത്രയും പെട്ടെന്ന് കിടത്തി ചികിത്സ ആരംഭിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>'സൊസൈറ്റി ഫോർ ദി പൂവർ പദ്ധതി'</u>

788 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് ചികിത്സാ സഹായം നൽകുന്ന സൊസൈറ്റി ഫോർ ദി പൂവർ പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്ക് എത്ര രൂപ വീതമാണ് ചികിത്സാ സഹായം അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര എണ്ണത്തിന് സഹായം അനുവദിച്ചുവെന്നും എത്ര എണ്ണം ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(ഡി) ചികിത്സാ സഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചേര്‍പ്പ് സാമൂഹികാരോഗ്യ കേന്ദ്രം</u>

789 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ചേര്‍പ്പ് സാമൂഹികാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയാക്കി ഉയര്‍ത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് മുന്‍കാലങ്ങളില്‍ എന്തെങ്കിലും 'പ്രൊപ്പോസല്‍' സര്‍ക്കാരിന് ലഭിച്ചിരുന്നുവോ; എങ്കില്‍, സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(സി) ചേര്‍പ്പ് സാമൂഷികാരോഗ്യകേന്ദ്രത്തെ താലൂക്ക് ആശുപത്രിയാക്കി ഉയര്‍ത്തുന്ന നടപടികള്‍ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കെ. എച്ച്. ആർ. ഡബ്ലിയു. എസ്. ജീവനക്കാർ</u>

790 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എച്ച്. ആർ. ഡബ്ലിയു. എസ്. -ൽ നിലവിലുള്ള സ്ഥിരം ജീവനക്കാർ, ഡെപ്യൂട്ടേഷനിൽ ഉള്ളവർ, ദിവസക്കൂലിക്കാർ, കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ എന്നിവരുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) കെ. എച്ച്. ആർ. ഡബ്ലിയു. എസ്. -ൽ 1999-ൽ കോഴിക്കോട് റീജിയണൽ ഓഫീസിൽ എംപ്ലോയ്മെന്റ് മുഖേന ജോലി ചെയ്ത ശ്രീമതി അംബിക, ടൈപ്പിസ്റ്റ്; ശ്രീമതി സജിത, ക്യാഷ്യർ എന്നിവരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ക്യാഷ്യർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി സജിതയിൽനിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ടിയാളെ പിരിച്ചുവിട്ട സമയത്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചു നൽകിയിട്ടുണ്ടോ;

(ഡി) പത്തുവർഷം പൂർത്തിയാക്കിയ താത്ക്കാലിക ജീവനക്കാരെ കെ. എച്ച്. ആർ. ഡബ്ലിയു. എസ്.-ൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഇ) ദിവസക്കൂലിക്കാർക്ക് സർക്കാർ ഏർപ്പെടുത്തിയ ശമ്പള വർദ്ധനവ് കെ. എച്ച്. ആർ. ഡബ്ലിയു. എസ്.-ലെ എല്ലാ

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ജീവനക്കാർക്കും നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എച്ച്. ആർ. ഡബ്ലിയൂ. എസ്. -ൽ എത്ര ജീവനക്കാരെ പുതുതായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>റെഡ്ക്രോസ്സിലെ ജീവനക്കാരുടെ വേതനവ്യവസ്ഥകൾ</u>

791 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെഡ്ക്രോസ്സ് മുൻ അഡ്മിനിസ്ട്രേറ്റർ, പ്രതിമാസം എത്ര രൂപാവീതമാണ് ഫണ്ടിൽനിന്നും കൈപ്പറ്റിയിട്ടുള്ളത്; അഡ്മിനിസ്ട്രേറ്ററുടെ വേതനം എത്രയാണ് എന്ന് വ്യക്തമാക്കാമോ; ഏത് ഫണ്ടിൽനിന്നാണ് വേതനം നൽകുന്നത്;

(ബി) റെഡ്ക്രോസ്സിലെ ജീവനക്കാരുടെ ഏറ്റവും ഉയർന്ന ശമ്പളം എത്രയാണ്; ഏറ്റവും കുറഞ്ഞ ശമ്പളം എത്ര?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. മുഖേന ലഭ്യമാക്കിയ തുക</u>

792 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. മുഖേന ഇക്കാലയളവിനുള്ളിൽ എത്ര തുക ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ വർഷംതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിലെ കുടിവെള്ള സുരക്ഷ</u>

793 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ, കുടിവെള്ളത്തിൽ പുഴുക്കളെ കണ്ടെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിന്റെ കാരണം എന്തെന്ന് അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) താലൂക്കാശുപത്രിയിൽ, കുടിവെള്ള സുരക്ഷ ഉറപ്പാക്കാൻ, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ചെറൂപ്പ സി. എച്ച്.സിയുടെ നിയന്ത്രണം

794 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറൂപ്പ സി.എച്ച്.സിയുടെ നിയന്ത്രണം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് പൂർണ്ണമായി മെഡിക്കൽ കോളേജ് ഏറ്റെടുക്കണമെന്ന് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) മെഡിക്കൽ കോളേജിന്റെ കീഴിൽ തന്നെയുള്ള പെരുവയൽ ഗ്രാമപഞ്ചായത്തിലെ കൊണാറമ്പിലുള്ള അനാഥമായിക്കിടക്കുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ബാലമുകുളം സ്കൂൾ ഹെൽത്ത് പ്രോഗ്രാം</u>

795

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "ബാലമുകുളം സ്കൂൾ ഹെൽത്ത് പ്രോഗ്രാ"മിൽ കൊല്ലം ജില്ലയിലെ കൊല്ലം മങ്ങാട് ഗവൺമെന്റ് സ്കൂളിനെ ഉൾപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ഉൾപ്പെടുത്തുന്നില്ല എന്നറിയിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ ആശുപത്രി</u>

796

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രി, ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന് കാണിച്ച് ഗവൺമെന്റിനു നൽകിയ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ചേർത്തല താലൂക്ക് ആശുപത്രി</u>

797 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് എൻ. എ. ബി. എച്ച്. അക്രഡിറ്റേഷൻ ലഭിച്ചുവെങ്കിലും പതിറ്റാണ്ടുകൾ മുമ്പുള്ള സ്റ്റാഫ് പാറ്റേണിലാണ് ആശുപത്രി പ്രവർത്തിക്കുന്നതെന്നും ഇവിടുത്തെ ബെഡ് സ്ട്രെങ്ത് ഇപ്പോഴും കേവലം 251 മാത്രമാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ അംഗീകാരവും പൊതുജനങ്ങളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് ആശുപത്രിയിലെ സ്റ്റാഫ് സ്ട്രെങ്ത് പുതുക്കി അനുവദിക്കുന്നതിനും ബെഡ് സ്ട്രെങ്ത് വർധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയുടെ രണ്ടുകോടി രൂപ വിനിയോഗിച്ച് ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ, പുതിയ ട്രോമാ കെയറിനുള്ള കെട്ടിടം പണി തുടങ്ങിയ സാഹചര്യത്തിൽ ഇവിടേയ്ക്കാവശ്യമായ ജീവനക്കാരെയും മറ്റ് ടെക്നീഷ്യൻമാരെയും നിയമിക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>സ്റ്റാഫ് നഴ്സുമാരുടെ പുനർവിന്യാസം</u>

798

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിടത്തിച്ചികിത്സാ സൗകര്യം ഇല്ലാത്ത ആരോഗ്യകേന്ദ്രങ്ങളിലെ സ്റ്റാഫ് നഴ്സുമാരെ, കിടത്തിച്ചികിത്സാ സൗകര്യം ഉള്ള ആരോഗ്യകേന്ദ്രങ്ങളിലേക്ക് പുനർവിന്യസിച്ച് ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം സ്റ്റാഫ് നഴ്സുമാരെ പുനർവിന്യസിച്ച് നൽകിയിട്ടും ഇവിടെ ജോലി ചെയ്തുവരുന്ന ഹെഡ്നഴ്സുമാരെ പുനർവിന്യസിക്കാതെ നിലനിർത്തിയിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(സി) കിടത്തിച്ചികിത്സാ സൗകര്യം ഇല്ലാത്ത കേന്ദ്രങ്ങളിലെ ഹെഡ്നഴ്സുമാരെ, സമീപത്ത് തിരക്കുള്ള ആരോഗ്യകേന്ദ്രങ്ങളിലേക്ക് പുനർവിന്യസിച്ചു നൽകുന്ന കാര്യം പരിഗണിക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

കൊരട്ടി ലെപ്രസി ആശുപത്രി സ്ഥലത്ത്
മെഡിസിറ്റി സ്ഥാപിക്കൽ

799 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നൂറ്റിഎട്ട് ഏക്കറോളം സ്ഥലമുള്ള കൊരട്ടി ലെപ്രസി ആശുപത്രിയിലെ ചിതറിക്കിടക്കുന്ന ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഒരു കെട്ടിട സമുച്ചയത്തിൻ കീഴിലാക്കുന്നതിനും പ്രസ്തുത സ്ഥലത്ത് ആരോഗ്യ മേഖലയുടെ ബന്ധപ്പെട്ട മെഡിസിറ്റി സ്ഥാപിക്കുന്നതടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചാലക്കുടി താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയാക്കുന്നതിനു നടപടി</u>

800 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി ഗവൺമെന്റ് താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയാക്കി ഉയർത്തുന്നതിനും പ്രസ്തുത ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>

801 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം അനുവദിക്കുമോ ;

(സി) ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുഴൽമന്ദം സി. എച്ച്. സി. യിൽ ഡോക്ടർമാരുടെ നിയമനം</u>

802

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) ഇതിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ഇപ്പോൾ ഉള്ളത്;

(സി) ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കാലടി സാമൂഹ്യ ആരോഗ്യ കേന്ദ്രം</u>

803 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാലടി സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം 8 മണിക്കൂറാക്കി കുറച്ചതിനാൽ ദിനം പ്രതി ഇവിടെയെത്തുന്ന ആയിരക്കണക്കിന് വരുന്ന സാധാരണക്കാരായ രോഗികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെ ആവശ്യമുള്ള അധിക തസ്തികകൾ നികത്തുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആശുപത്രികളിലെ ജനനമരണ രേഖകൾ</u>

804 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടത്തി ചികിത്സാ സൗകര്യങ്ങൾ ഉള്ള ആശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ജനനമരണ രേഖകൾ സൂക്ഷിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളും സംവിധാനങ്ങളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്നതും ധാരാളം പരാതികൾ/പ്രശ്നങ്ങൾ പൊതുജനങ്ങളിൽ നിന്നും ഉയർന്ന് വരാറുണ്ട് എന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന് നടപടി സ്വീകരിച്ചു എന്ന വ്യക്തമാക്കുമോ;

(സി) താലൂക്കാശുപത്രികൾ മുതൽ താഴോട്ടുള്ള ആശുപത്രികളിൽ എം.ആർ.എൽ രേഖകൾ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും മെഡിക്കോ റിക്കാർഡ്സ് ലൈബ്രേറിയൻ തസ്തിക ഇല്ലാത്തത് എം.ആർ.എൽ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) എം.ആർ.എൽ. കൈകാര്യം ചെയ്യുന്നതിന് മെഡിക്കോ റിക്കാർഡ്സ് ലൈബ്രേറിയൻ തസ്തികകൾ അനുവദിച്ച് യോഗ്യതയുള്ളവരെ നിയമിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഫാർമസി</u>

805 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നതിന് തുടക്കം കുറിച്ച 'കാരുണ്യ ഫാർമസി' സംസ്ഥാനമൊട്ടാകെവ്യാപിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നു ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(സി) എല്ലാ ജീവൻ രക്ഷാ മരുന്നുകളും കാരുണ്യ ഫാർമസി യിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ഫറോക്ക് പി.എച്ച്.സി</u>

806 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് പി.എച്ച്.സി.യെ താലൂക്ക് നിലവാരത്തിലുള്ള ആശുപത്രിയാക്കി ഉയർത്തിയെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ട കെട്ടിടങ്ങൾ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കാനും പ്രവൃത്തി തുടങ്ങിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) ഇതിനായി സൃഷ്ടിച്ച തസ്തികയിലെ ഡോക്ടർമാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചേലക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>

807 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് നിലവാരമുള്ള ആശുപത്രിയായി ഉയർത്തിയിട്ടും അതനുസരിച്ചുള്ള ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയെങ്കിലും അതനുസരിച്ചുള്ള ജീവനക്കാരുടെ തസ്തികൾ സൃഷ്ടിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രോഗികളുടെ വർദ്ധനവിനനുസരിച്ച് ജീവനക്കാരില്ലാത്തതു മൂലമുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, ഈ രണ്ട് ആശുപത്രികളിലും പദവിക്കനുസരണമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് തടഞ്ഞുവെച്ച നടപടി

808 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഏത് ജീവനക്കാരന്റെ ആശ്രിതന്റെ ക്യാൻസർ ചികിത്സക്കുളള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആണ് നല്കാതെ തടഞ്ഞ് വച്ചിരിക്കുന്നത്; എങ്കിൽ ആരുടെ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാൻസർ രോഗിയുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് സമയത്ത് മാറ്റി നല്കാതെ ഗുരുതരമായ വീഴ്ച ബോധപൂർവ്വം വരുത്തിയ ഉദ്ദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി എടുക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ, എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>എല്ലാ കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററുകളിലും ലാബ്രട്ടറി സംവിധാനം ഏര്‍പ്പെടുത്തുന്നതിന് നടപടി</u>

809 ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ ലാബുകളില്‍ രോഗികളുടെ വിവിധ പരിശോധനകള്‍ക്ക് ഭീമമായ തുക ഈടാക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് സംസ്ഥാനത്ത് എല്ലാ കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററുകളിലും ലാബ്രട്ടറി സംവിധാനം ഏര്‍പ്പെടുത്തുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പേവിഷ പ്രതിരോധ മരുന്ന്</u>

810

ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേവിഷ പ്രതിരോധ മരുന്നിന് സർക്കാർ ആശുപത്രികളിൽ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നതിലും കൂടുതൽ വിലയ്ക്കാണ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പേവിഷ പ്രതിരോധ മരുന്ന് കിട്ടുന്നത് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനെതിരേ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ എൻ.ആർ.എച്ച്.എം. പദ്ധതി</u>

811

ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എൻ.ആർ.എച്ച്.എം. പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) നടപ്പുവർഷം ജില്ലയിലെ, പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പുവർഷം ചെലവഴിച്ച തുകയുടെ മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഫാർമസി സെന്ററുകൾ</u>

812 ശ്രീ. വി. റ്റി. ബെൽറാം
'' വർക്കല കഹാർ
'' വി. ഡി. സതീശൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം തരം ആശുപത്രികളിലാണ് ഇവ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര ശതമാനം വിലക്കുറവിലാണ് ഈ സെന്ററുകൾ വഴി മരുന്നുകൾ വിൽക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത്തരം സെന്ററുകൾ പ്രവർത്തിക്കുന്നത്?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>നൂറനാട് സാനട്ടോറിയം</u>

813 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് സാനട്ടോറിയത്തിന്റെ സ്ഥലം മുഴുവനും ആരോഗ്യ വകുപ്പിന് കീഴിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്തിൽ നിന്നും ഐ. ടി. ബി. എഫ് -ന് പാട്ടത്തിനു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനം പിൻവലിക്കുമോ;

(സി) ഈ സ്ഥലത്ത് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) തഴക്കര പഞ്ചായത്തിലെ വെട്ടിയാർ ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ ആശുപത്രിയോടനുബന്ധിച്ച് 108 ആംബുലൻസ് സർവ്വീസിനുള്ള നടപടി</u>

814 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയോടനുബന്ധിച്ച് 108 ആംബുലൻസ് സർവ്വീസിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വിശദീകരിക്കുമോ ; ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ 108 ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി 40 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ബാക്കി ഉള്ള തുക ചെലവഴിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ട്രോമാകെയർ സംവിധാനം</u>

815 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ കഴക്കൂട്ടത്തിനും പാരിപ്പള്ളിക്കുമിടയിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളിൽ പരിക്ക് പറ്റുന്നവർക്ക് അടിയന്തിര ചികിത്സ ലഭിക്കുവാൻ ആറ്റിങ്ങൽ, വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തണമെന്ന ശുപാർശയിന്മേൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിന് ആശുപത്രികൾക്ക് കേന്ദ്രസഹായം ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികള്‍ക്കുള്ള മരുന്ന്</u>

816 ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി യില്‍ നിന്നും കേരള മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന സര്‍ക്കാര്‍ ആശുപത്രികള്‍ക്കായി മരുന്നുകള്‍ വാങ്ങണം എന്ന തീരുമാനം നിലവിലുണ്ടോ;

(ബി) കെ.എസ്. ഡി.പി. യില്‍ നിന്നും കുറഞ്ഞ വിലയ്ക്ക് മരുന്നുകള്‍ വാങ്ങാതെ സ്വകാര്യ മരുന്നുകമ്പനികളില്‍ നിന്നും കൂടിയ വിലക്ക് മരുന്ന് വാങ്ങുന്നു എന്ന റിപ്പോര്‍ട്ട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ അതിനെതിരെ എന്ത് നടപടികള്‍ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതി</u>

817 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇത് എപ്പോൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുളളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

മെഡിക്കല്‍ കോളേജ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികള്‍

818 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

മെഡിക്കല്‍ കോളേജ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികള്‍ക്കും സംരക്ഷണത്തിനുമായി 2011-2012 ലെ ബഡ്ജറ്റില്‍ പദ്ധതിയേതര ഇനത്തില്‍ എത്ര തുക അനുവദിച്ചുവെന്നും അതില്‍ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ
യോഗ്യതയില്ലാത്തവർക്ക് എം. ബി. ബി. എസ് പ്രവേശനം

819 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, പാലക്കാട് ജില്ലകളിലെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം. ബി. ബി. എസിന് മതിയായ യോഗ്യതയില്ലാത്തവർക്ക് പ്രവേശനം നൽകിയതായി ആരോഗ്യ സർവ്വകലാശാലയുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, എത്രപേരാണ് ഇത്തരത്തിലുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഇവർക്കെതിരെ, എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം തകർക്കുന്നതിന് കൂട്ടുനിന്ന ഇത്തരം കോളേജുകൾക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും എതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ, സ്പെക്ട് ഗാമ ക്യാമറ</u>

820 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ, സ്പെക്ട് ഗാമ ക്യാമറ വാങ്ങുന്നതിന് സർക്കാരിലേക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എന്നാണ് അപേക്ഷ ലഭിച്ചതെന്നും നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിലുള്ള ഫയലിലെ, നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ

821 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്നും അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ നിയമിതരാവുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക്, സംസ്ഥാനത്ത് നിലവിലുള്ള മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് ലഭിച്ചുവരുന്ന സേവനവേതന വ്യവസ്ഥകൾ ബാധകമാക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ഇഗ്നോയുടെ മെഡിക്കൽ സർവ്വകലാശാല അംഗീകരിച്ച കോഴ്സുകൾ

822 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന ഏതെല്ലാം കോഴ്സുകൾക്കാണ് മെഡിക്കൽ യൂണിവേഴ്സിറ്റി അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ അംഗീകാരമില്ലാത്ത കോഴ്സ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് സർക്കാർ സർവ്വീസിൽ, ആരോഗ്യ മേഖലയിൽ, ഏതെങ്കിലും തസ്തികയിൽ, ജോലി ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ആയുർവ്വേദ സർവ്വകലാശാലയുടെ പ്രവർത്തനം

823 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ആയുർവ്വേദ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പുന്നപ്ര ഗവ: ആയുർവേദ ആശുപത്രിക്ക്<br>പുതിയ ഒ.പി. ബ്ലോക്ക്</u>

824 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര ഗവ: ആയുർവേദ ആശുപത്രിയിൽ വേണ്ടത്ര സ്ഥല സൗകര്യമില്ലാത്തതിനാൽ, പൂർണ്ണതോതിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ആശുപത്രിയുടെ മുൻഭാഗത്ത് ഒരു ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ തുക, ബഡ്ജറ്റിൽ വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് മെഡിക്കൽ കോർപ്പറേഷൻ വഴിയല്ലാതെ വാങ്ങിയ മരുന്നുകളുടെ കണക്ക്</u>

825 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റേറ്റ് മെഡിക്കൽ കോർപ്പറേഷൻ വഴിയല്ലാതെ എത്ര കോടി രൂപയ്ക്ക് മരുന്നു വാങ്ങിയെന്നും ഏതെല്ലാം കമ്പനികളിൽ നിന്നുമാണ് അവ വാങ്ങിയതെന്നും വ്യക്തമാക്കുമോ;

(ബി) കമ്പനികളുടെ പേരുസഹിതം എത്ര തുക വീതമാണ് അതിനായി ചെലവാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം മെഡിക്കൽ കോർപ്പറേഷൻ മുഖേനയല്ലാതെ മരുന്നു വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെവാങ്ങിയ മരുന്നുകൾ എത്രമാത്രം നശിച്ചുപോയിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ഇതിനു കാരണക്കാരായവർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കേരള മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന വാങ്ങി വിതരണം ചെയ്ത മരുന്നുകള്‍</u>

826 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളാ മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന 2010-'11 സാമ്പത്തിക വര്‍ഷത്തിലും 2011-2012 സാമ്പത്തിക വര്‍ഷത്തിലും ആകെ എത്ര തുകയുടെ മരുന്നുകളാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്;

(ബി) 2012-2013 സാമ്പത്തിക വര്‍ഷത്തില്‍ നാളിതുവരെ എത്ര തുകയുടെ മരുന്നുകളാണ് വിതരണം നടത്തുവാനായി വാങ്ങിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) കേരളാ മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന സര്‍ക്കാര്‍ ആശുപത്രികള്‍ക്കു വിതരണം ചെയ്യുന്നതിനാവശ്യമായ മരുന്നുകളല്ലാതെ മറ്റെന്തെല്ലാം സാധനങ്ങളും ഉപകരണങ്ങളുമാണ് വാങ്ങുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) 2010-'11 ലും 2011-'12 ലും 2012-13-ല്‍ നാളിതുവരെയും ഇത്തരം സാധനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>'പേവിഷവിമുക്തകേരളം' പദ്ധതി</u>

827 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന 'പേവിഷവിമുക്തകേരളം' പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഇപ്പോൾ പല സർക്കാർ ആശുപത്രികളിലും പേവിഷബാധയ്ക്കുള്ള പ്രതിരോധമരുന്ന് ആവശ്യത്തിന് ലഭ്യമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഐ. ഡി. ആർ. വി. (ഇൻഡ്രാ ഡെർമൽ റാബീസ് വാക്സിനേഷൻ) പദ്ധതി പ്രകാരമുള്ള പ്രതിരോധമരുന്ന് ആവശ്യാനുസരണം ലഭ്യമല്ലാത്തതിനുള്ള സാഹചര്യങ്ങളുണ്ടായത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആന്റീ റാബീസ് വാക്സിൻ, സംസ്ഥാനത്ത് എല്ലാ ആശുപത്രികളിലും ലഭ്യമാണെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പേവിഷ പ്രതിരോധ വാക്സിൻ</u>

828 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ പേവിഷ പ്രതിരോധ വാക്സിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പേവിഷ പ്രതിരോധ വാക്സിൻ ഇപ്പോൾ ആവശ്യത്തിന് ലഭ്യമാക്കാൻ കഴിയാത്തതിന്റെ കാരണം എന്താണ്;

(സി) പേവിഷ പ്രതിരോധ വാക്സിൻ, സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാക്കുന്നത് ഉറപ്പുവരുത്താൻ, എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ വാങ്ങുന്ന മരുന്നുകളും ആശുപത്രി സാധനങ്ങളും

829 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളാ മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍, ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളില്‍ നിന്നും നേരിട്ട് മരുന്നുകളും ആശുപത്രി സാധനങ്ങളും വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാര്‍മസ്യൂട്ടിക്കല്‍സ് ലിമിറ്റഡില്‍ ഉല്‍പ്പാദിപ്പിക്കുന്ന മരുന്നുകളും അനുബന്ധസാധനങ്ങളും ഗുണനിലവാരം ഉറപ്പു വരുത്തി വാങ്ങി വിതരണം ചെയ്യുന്നതിന്, എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രികള്‍ക്കാവശ്യമായ ബെഡ്ഷീറ്റുകളും മറ്റു തുണിത്തരങ്ങളും ഹാന്റക്സ് അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളില്‍ നിന്നും വാങ്ങുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര - സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളില്‍ നിന്നും ഓരോ വര്‍ഷവും എത്ര തുകയുടെ മരുന്നുകളും മറ്റു സാധനങ്ങളും കേരള മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ വാങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ജനറിക് മെഡിസിന്റെ വിതരണം

830 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനറിക് മെഡിസിന്റെ വിതരണം സംസ്ഥാനത്തെ എല്ലാ ആശുപത്രികൾ വഴിയും സൗജന്യമായി നൽകുന്ന പദ്ധതിയിൽ ആവശ്യത്തിനു മരുന്നുകൾ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസിയാണ്; ഇതിനായി ബഡ്ജറ്റിൽ എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും, ഇത് ഏതു ഹെഡ്ഡിൽ നിന്നാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

831 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത്, എത്ര ബാച്ച് അലോപ്പതി മരുന്നുകളാണ് വിപണിയിലെത്തിയിട്ടുള്ളത്;

(ബി) ഇതിൽ, എത്ര ബാച്ച് മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്;

(സി) വിപണിയിലിറങ്ങുന്ന മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് സംസ്ഥാനത്ത് എത്ര ലാബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്; ഇവിടെ ഒരു വർഷം എത്ര ബാച്ച് മരുന്നുകൾ ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ;

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് കൂടുതൽ ലാബോറട്ടറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഒറ്റപ്പാലം കടമ്പഴിപ്പുറത്ത് ഹോമിയോ ആശുപത്രി

832 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ, കടമ്പഴിപ്പുറത്ത് ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടമ്പഴിപ്പുറത്തെ ഹോമിയോ ആശുപത്രി എന്ന തദ്ദേശവാസികളുടെ നിരന്തര ആവശ്യത്തിൻമേൽ, എന്തു നടപടികൾ ആണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(സി) കടമ്പഴിപ്പുറത്ത് ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിനായുളള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; ഇത് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ഹോമിയോ ഫാർമസിസ്റ്റുകളുടെ സീനിയോരിറ്റി ലിസ്റ്റ്

833 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിലെ ഹോമിയോ വിഭാഗത്തിൽ ഫാർമസിസ്റ്റുകളുടെ സീനിയോരിറ്റി ലിസ്റ്റ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ, ആയത് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കും എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ഹോമിയോപ്പതി ഫാർമസിസ്റ്റ് ഗ്രേഡ്-II പ്രൊമോഷൻ

834 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യവകുപ്പിനു കീഴിലുള്ള ഹോമിയോപ്പതി വിഭാഗത്തിൽ, ഫാർമസിസ്റ്റ് ഗ്രേഡ് II -ന് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 2:1 എന്ന റേഷ്യോ പ്രൊമോഷൻ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയത് ഏറ്റവും ഒടുവിൽ നടത്തിയത് എന്നാണെന്നും പ്രസ്തുത പ്രോമോഷൻ ആർക്കാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ, പ്രസ്തുത റേഷ്യോ പ്രൊമോഷൻ എത്രയും വേഗം നടത്താൻ തയ്യാറാകുമോ ;

(ഡി) എങ്കിൽ, ആയത് എന്നത്തേയ്ക്ക് നടത്തും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ആലത്തൂരിൽ ഹോമിയോ ആശുപത്രി തുടങ്ങാൻ നടപടി</u>

835

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയമസഭാമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ്, ഹോമിയോ ആശുപത്രി നിലവിലില്ലാത്തത്;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ, ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മണ്ഡലത്തിലെ പ്രധാന പഞ്ചായത്തായ ആലത്തൂരിൽ, ഹോമിയോ ആശുപത്രി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഹോമിയോ മെഡിക്കൽ കോളേജിന്റെ വികസനം

836 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-'12 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ, സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും വികസനത്തിനായി, പദ്ധതി വിഹിതമായി, എത്ര തുക നീക്കിവെച്ചിരിക്കുന്നുവെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

837 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) നടപ്പാക്കിയിട്ടുള്ളതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ പേരും, ചെലവഴിച്ച തുകയും എത്ര; വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ; പേരും തുകയും സഹിതം വ്യക്തമാക്കുമോ;

(ഡി) അടുത്ത മണ്ഡലകാലത്തിനുമുമ്പായി ചെയ്തുതീർക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ; ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ;

(ഇ) മുൻ ബഡ്ജറ്റിൽ 'സീറോ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം' എന്ന പേരിൽ ശബരിമലയുടെ ശുചീകരണപ്രവർത്തനങ്ങൾക്കായി പദ്ധതി പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ ഇതിനായി എന്ത് തുക നീക്കിവെച്ചിരുന്നു; എന്നാണ് തുകയനുവദിച്ചത്;

(എഫ്) പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് ശബരിമലയിലും പമ്പയിലുമായി നടപ്പാക്കിയിട്ടുള്ളത്; ചെലവായ തുകയെത്ര; വിശദമാക്കുമോ;

(ജി) വരുംവർഷങ്ങളിലും പ്രസ്തുത പദ്ധതി തുടരുന്നതിന് എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ശബരിമലതീർത്ഥാടകരിൽ നിന്നും ദേവസ്വം ബോർഡിനു ലഭിച്ച വരുമാനം

838 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലതീർത്ഥാടകരിൽ നിന്നും ദേവസ്വം ബോർഡിനു ലഭിച്ച വരുമാനം സംബന്ധിച്ച കഴിഞ്ഞ പത്തുവർഷത്തെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ശബരിമല തീർത്ഥാടനത്തിനെത്തിയവരുടെ എണ്ണം സംബന്ധിച്ച കഴിഞ്ഞ പത്തുവർഷത്തെ കണക്കു നൽകുമോ;

(സി) തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഓരോവർഷവും ദേവസ്വം ബോർഡ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ശബരിമലയുടെ വികസനത്തിന് കേന്ദ്ര വനം വകുപ്പിനോട് സംസ്ഥാനം ആവശ്യപ്പെട്ട എന്തെല്ലാം കാര്യത്തിൽ ഇനിയും തീരുമാനമാകാതെയുണ്ട്; വ്യക്തമാക്കുമോ;

(ഇ) ശബരിമലയിൽ എത്തുന്ന തീർത്ഥാടകർ നേരിടുന്നതായ പ്രയാസങ്ങളിൽ ഇനിയും പരിഹാരം കണ്ടെത്തിയിട്ടില്ലാത്തവ എന്തൊക്കെ; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ശബരിമലയിലെ നടവരവ്</u>

839 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മണ്ഡലകാലത്ത് ശബരിമലയിലെ നടവരവ് ഇനത്തിൽ എന്ത് തുക ലഭിച്ചു ; വ്യക്തമാക്കാമോ ;

(ബി) ഇത് കഴിഞ്ഞ തവണത്തെക്കാൾ കുറവാണോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഈ മണ്ഡലകാലത്ത് ശബരിമലയിൽ എത്തിച്ചേർന്ന ഭക്തരുടെ എണ്ണം എത്ര; വ്യക്തമാക്കാമോ ;

(ഡി) റോഡുകളുടെയും മറ്റ് സാഹചര്യങ്ങളുടെയും അപര്യാപ്തത ഭക്തജനങ്ങളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ടോ ;എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ദേവസ്വം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം</u>

840 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 ബഡ്ജറ്റിൽ ദേവസ്വം വകുപ്പിനുകീഴിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ പദ്ധതി - പദ്ധതിയേതര തുകയും, ഇതുവരെയുള്ള ചെലവുവിവരപ്പട്ടികയും നൽകുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം</u>

841 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ, പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ക്ഷേത്രക്കുളങ്ങളാണ് പുനരുദ്ധരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

842 ശ്രീ. ജി. സുധാകരൻ
,, കെ.വി. അബ്ദുൾ ഖാദർ
,, കെ.കെ. നാരായണൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര സ്വത്തുക്കൾ സംരക്ഷിക്കാൻ പരാജയപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് പിരിച്ചുവിടേണ്ടതാണെന്ന് കോടതി നിരീക്ഷണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള നിരീക്ഷണം ഉണ്ടാകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാധനലേലം കള്ളപ്പണവേദിയാക്കരുതെന്ന് ഹൈക്കോടതി നിരീക്ഷിക്കാനിടയായെങ്കിൽ അപ്രകാരം നിരീക്ഷിക്കുവാൻ ഇടയാക്കിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) കോടതി നിരീക്ഷണങ്ങളെ തുടർന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുള്ള സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ഗുരുവായൂർ ക്ഷേത്രസുരക്ഷ</u>

843 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കെ. രാധാകൃഷ്ണൻ
,, ബി. ഡി. ദേവസ്സി
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രസുരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) പൂർത്തീകരിച്ച കാര്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ടെമ്പിൾ പോലീസ് സ്റ്റേഷൻ പദ്ധതി ഏതു ഘട്ടത്തിലാണ്;

(ഇ) സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ സുരക്ഷയ്ക്കായി പൊതുവായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ആരാധനാലയങ്ങളിലെ ആചാര സ്ഥാനികർക്ക്
ആനുകൂല്യം

844 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സമുദായങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും ആണ് ഇപ്പോൾ ആനുകൂല്യങ്ങൾ നൽകുന്നത്; അറിയിക്കാമോ;

(ബി) കാസർകോട് ജില്ലയിലെ മലവേട്ടുവ സമുദായ ആരാധനാലയങ്ങളിലെ ആചാര സ്ഥാനികർക്ക് ഇത്തരം ആനുകൂല്യം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വിഭാഗത്തിന് കൂടി ആനുകൂല്യങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആശ്രാമം സബ്ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളെക്കുറിച്ചുള്ള വിവരം</u>

845 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഗ്രൂപ്പിൽ ആശ്രാമം സബ്ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡിലേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം ഒടുക്കുന്ന ക്ഷേത്രം ഏതാണ്;

(ബി) 2013-ലെ തിരുവിതാംകൂർ ദേവസ്വം ഡയറിയിൽ ആശ്രാമം സബ്ഗ്രൂപ്പിന്റേതായി രേഖപ്പെടുത്തിയിരിക്കുന്ന ഫോൺ നമ്പരിലെ സേവനം സബ്ഗ്രൂപ്പിനു ലഭ്യമാകാതിരുന്നിട്ട് എത്ര നാളായി; വിശദമാക്കുമോ;

(സി) സബ്ഗ്രൂപ്പിന്റെ പേരിൽ തെറ്റായ ഫോൺ നമ്പർ ഡയറിയിൽ അച്ചടിച്ചുവരാനുണ്ടായ സാഹചര്യം എന്താണ്;

(ഡി) സബ്ഗ്രൂപ്പിന് ടെലിഫോൺ അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മാടായി തിരുവർക്കാട് കാവിൽ ക്ഷേത്രകലാ അക്കാദമി</u>

846 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായി തിരുവർക്കാട് കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിനും കോഴ്സുകൾ ആരംഭിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണ്; വിശദാംശം നൽകുമോ?